Parish Members and their children who are staying out side Kerala may submit their email ID through - <stmaryscathedral.ekm@gmail.com>. Parish news bulletin and other parish informations will be sent to them.

## സംയുക്തപ്രാർത്ഥനയോഗം





കത്തീഡ്രലിൽ സംയുക്തപ്രാർത്ഥനായോഗം 2018 ഏപ്രിൽ 29 ന് നടത്തി. റവ.ഫാ.സക്കറിയ നൈനാൻ (സക്കേർ അച്ചൻ), നാലുന്നാക്കൽ ദയറ, മുഖ്യപ്രഭാഷണം നടത്തി.

## ആദരാഞ്ജലികൾ



ബഹു. പി. ഐ. ജോൺ
കോർ എപ്പിസ്കോപ്പ

എറണാകുളം സെന്റ് മേരീസ്കത്തീഡ്രൽ മുൻ വികാരി ബഹു. പി. ഐ. ജോൺ കോർ എപ്പിസ്കോപ്പ കഷ്ടാനുഭവ ആഴ്ചയിൽ നിര്യാതനായി. ഈസ്റ്ററിന് അടക്കം ചെയ്തു. പ്രാർത്ഥനാപൂർവ്വമായ ആദരാഞ്ജലികൾ.

*(ഇടയലേഖനം തുടർച്ച)*

ഹൃദ്യമായി തോന്നാം. എന്നാൽ ഗൂഢമായ ചെയ്തികൾ ഇരുട്ടിന്റെ മറവിലായിരിക്കും നടക്കുക. മറ്റുചിലർ, തങ്ങൾ, തങ്ങളുടെ കൗശലവും നാട്യവും വഴി ദൈവത്തെയും, മനുഷ്യരേയും 'കബളിപ്പിക്കാം' എന്ന് ദിവാസ്വപ്നം കാണുന്നവരാണ്. അവരെ വിവേചിച്ചറിഞ്ഞു, സൂക്ഷിക്കേണ്ടിയിരിക്കുന്നു. ഇത്തരം ആന്തര ബാഹ്യ പൊരുത്തക്കേടുകൾ സമൂഹ ഗാത്രത്തിലും, വ്യക്തിജീവിതത്തിലും അസ്വാരസ്യം വരുത്തുന്നവയാണ്. മറിച്ചു ഹൃദയവും, ചിന്തകളും, വാക്കുകളും പ്രവർത്തികളും ഒരുമയോടെ പ്രവർത്തിച്ചാൽ ശബ്ദയോജ്യതയുള്ള സുന്ദര സംഗീതമുതിർത്തുന്ന വീണപോലെയാകും.

മനസ്സിൽ ഒന്ന് കരുതികൊണ്ട്, മറ്റൊന്ന് പറയുകയും, പ്രവർത്തിക്കുകയും ചെയ്യുന്ന കാപട്യം വരുത്തുന്ന കുഴമറിച്ചിലുകൾ സമൂഹ ജീവിതത്തിൽ സാധാരണമായി കണ്ടുവരുന്നതാണ്. ചെറുപ്രായം മുതൽ, വീടുകളിൽ തന്നെ അഭ്യസിപ്പിക്കേണ്ട ഒരു അടിസ്ഥാന കാര്യമാണ് വാക്കും, പ്രവർത്തിയും തമ്മിൽ ഉണ്ടായിരിക്കേണ്ട പൊരുത്തം. അങ്ങിനെയുള്ള സാഹചര്യത്തിൽ വളർന്നു വരുന്ന കുട്ടികൾക്ക് രക്ഷിതാക്കൾ ഉത്തമ മാതൃകയായിരിക്കും. അവർ മുതിർന്നു വരുമ്പോൾ സ്വഭാവത്തിൽ 'താളം തെറ്റലുകൾ' വിരളമായിരിക്കുകയും ചെയ്യും. ഈശ്വരവിശ്വാസത്തിന്റേയും, ആരാധനയുടെയും ഫലമായുണ്ടാകേണ്ട ഒരു സത്ഗുണമാണ് ഈ പൊരുത്തം. എല്ലാ നാട്യങ്ങളെയും അത് ഭസ്മീകിരിക്കതന്നെ ചെയ്യും. ■

## പ്രാർത്ഥനാ യോഗങ്ങൾ

**St. George Unit (Kaloor Area) 06-05-2018 - 4 pm**
ശ്രീ. അനിയൻകുഞ്ഞ് ഗീവർഗ്ഗീസ്
മിയാനി ഭവൻ,
ഡോ.അംബേദ്ക്കർ റോഡ്, ഇടപ്പിള്ളി,
Mob: 9747811033

**St. Marys Unit (Central Area) 13-05-2018 - 4 pm**
ശ്രീമതി. ലീല കുര്യൻ
പുത്തൻപുരയ്ക്കൽ ഹൗസ്,
തേവര
Ph: 2663615, Mob: 9746202050

**St. Thomas Unit (North-Pachalam Area) 20-05-2018 - 4 pm**
ശ്രീ. ടി. സി. ജോസ്
തോലത്ത് ഹൗസ്,
ചാത്യാത്ത് റോഡ്, പച്ചാളം.
Ph: 2394106, Mob: 9605858104

**St. Gregorios Unit (Elamkulam-Kadavanthra Area) 27-05-2018-4 pm**
ശ്രീ.ജോർജ്ജ് മാത്യു ഫിലിപ്പ്
C4/121 ഇന്ദിര നഗർ,
കടവന്ത്ര
Ph: 9947442278, 9605091384




Editorial Board : K.K. George (94470 40484), Mathew Koshy, Mammen Abraham & Suma Mathew. Design & Lay-out: dittografix, Printed at Geo Printshop, Ernakulam
Website: www.stmarysorthodoxcathedralekm.org. Email: georgekaithayil@yahoo.com For Private Circulation only
Edited & Published by: K.K. George for St. Mary's Orthodox Cathedral, Ernakulam. Phone: 0484 2352490





# PARISH News

MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM
VOL : 12 ISSUE : 05 May 2018

### എഡിറ്റോറിയൽ

## തിരഞ്ഞെടുപ്പ്

'ഞാനും എന്റെ കുടുംബവുമോ, ഞങ്ങൾ യഹോവയെ സേവിക്കും'(യോശു.24:15).

പൊളിറ്റിക്കൽ പാർട്ടിയുടെ തിരഞ്ഞെടുപ്പല്ല ഇവിടെ വിഷയം. നാം എന്തു തെരഞ്ഞെടുക്കുന്നു എന്നതാണ്. നമുക്ക് എന്തും തെരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം ദൈവം നൽകിയിട്ടുണ്ട്. നല്ലതേത്, ചീത്തയേത് എന്ന് നമ്മെ കാണിച്ചു തരുകയും ചെയ്യാറുണ്ട്. എന്നാൽ അതിൽ ഏതാണ് നാം തെരഞ്ഞെടുക്കുന്നത് എന്നുള്ളതിന്റെ വിവേചനാധികാരം നമുക്ക് മാത്രമായിട്ടുള്ളതാണ്.

യിസ്രയേൽ മക്കൾ ദൈവദാനങ്ങൾ എല്ലാം മറന്ന് മറ്റ് ദൈവങ്ങളെ സേവിക്കുവാൻ ശ്രമിച്ചതറിഞ്ഞ് യോശുവ അവരോട് പറയുന്നതാണ് യോശുവ 24-ാം അദ്ധ്യായം 15-ാം വാക്യം. യോശുവയുടെ ബുദ്ധിപൂർവ്വമുള്ള തെരഞ്ഞെടുപ്പാണ് ഈ വാക്യത്തിൽ കാണുന്നത്. ജനം മറ്റുള്ള വിശ്വാസങ്ങളിലേക്കു പോകാതെ യഹോവയെത്തന്നെ പിൻതുടരാനുള്ള ആഹ്വാനമായിരുന്നല്ലോ അത്.

യോശുവ പറഞ്ഞതുപോലെ പറയുവാനും,പ്രവർത്തിക്കുവാനും സാധിച്ചാൽ നമുക്ക് ഏതു പ്രതിസന്ധിയിലും തെരഞ്ഞെടുപ്പ് എളുപ്പമായിരിക്കും. ഏതു സാഹചര്യത്തിലും ദൈവത്തിൽ ആശ്രയിക്കുവാൻ നിശ്ചയിക്കുന്നവർക്കു ഓരോ പ്രതിസന്ധികളിലും എന്ത് ചെയ്യണമെന്നു ദൈവം തന്നെ കാണിച്ചു കൊടുക്കും.അതനുസരിച്ചു പ്രവർത്തിക്കുവാൻ തയ്യാറാകണമെന്നുമാത്രം. പഴയ നിയമത്തിൽ പിതാക്കന്മാരായ അബ്രഹാം, മോശ, യാക്കോബ്, യോശുവ മുതലായവർക്ക് ദൈവം നേരിട്ട് പ്രത്യക്ഷപ്പെട്ടു കല്പിക്കുകയായിരുന്നല്ലോ. പിതാവ് പറയുന്നതെന്തും അനുസരിക്കുകയായിരുന്നു അവർ ചെയ്തിരുന്നതെന്നു കാണാം. ഇവിടെയൊന്നും തെരഞ്ഞെടുപ്പിന്റെ ആവശ്യമുണ്ടായിരുന്നില്ല.

യോനയുടെ തെറ്റായ തെരഞ്ഞെടുപ്പ് ദൈവം ഇടപെട്ട് തിരുത്തിയതും നാം വായിക്കുന്നുണ്ടല്ലോ. ദൈവത്തെ മറച്ചും, മറന്നുമുള്ള ഒരു തിരഞ്ഞെടുപ്പും നല്ലതിനായിരിക്കുകയില്ല. മനസ്സ് ഏകാഗ്രമാക്കി പ്രാർത്ഥനയോടുള്ള തെരഞ്ഞെടുപ്പാണാവശ്യം. അപ്പോഴാണ് ദൈവത്തിന്റെ ഇഷ്ടം നടപ്പിലാകുക. പലപ്പോഴും നമ്മുടെ ആഗ്രഹങ്ങൾ നടക്കാതെ വരുമ്പോൾ പലരും ദൈവഭയത്തിൽ നിന്നും, പ്രാർത്ഥനകളിൽ നിന്നും മറ്റും അകന്നുപോകാറുണ്ട്. ഇങ്ങിനെയുള്ള സമയത്ത് ന്യൂജനറേഷൻ ദൈവങ്ങളെ തേടി പോകുന്നവരെയും കാണുവാൻ സാധിക്കും. എല്ലാം അറിയുന്ന ദൈവം നമ്മുടെ തെറ്റായ ആഗ്രഹങ്ങൾക്കു തടയിട്ട് നല്ലതിനു വേണ്ടി നമ്മെ ഒരുക്കുകയായിരിക്കും അപ്പോൾ ചെയ്യുക. അതു മനസ്സിലാക്കാതെയായിരിക്കും നമ്മുടെ പ്രവർത്തി. ഭാവിയിൽ എന്തു വേണമെന്നറിയുന്ന ദൈവത്തിൽ ആശ്രയിച്ചുള്ള ഏതു തെരഞ്ഞെടുപ്പും നമുക്ക് ഗുണം ചെയ്യുമെന്ന് വിശ്വസിക്കണം. ■

### ഇടയ ലേഖനം

## അധരവും ഹൃദയവും

**ഡോ. യാക്കോബ് മാർ ഐറിനിയോസ് മെത്രാപ്പോലീത്ത**



ഹൃദയത്തിലെ ചിന്തകളും തീരുമാനങ്ങളും വെളിവാകുന്നത്, വാക്കുകൾ, ഭാവങ്ങൾ, പ്രവൃത്തികൾ എന്നിവയിലൂടെയാണ്. ഹൃദയവ്യാപാരങ്ങൾ അന്യർക്ക് അങ്ങനെ തന്നെ പ്രാപ്യമല്ല. അവ വെളിപ്പെടേണ്ടിയിരിക്കുന്നു. എന്നാൽ അധരം കൊണ്ടും വായ് കൊണ്ടും വെളിപ്പെടുന്നവ, ഹൃദയവ്യാപാരങ്ങളല്ലെങ്കിൽ, അത് വഞ്ചനയോ, പ്രയോക്താവിന്റെ അന്തർ സംഘർഷങ്ങളുടെ സൂചനയോ ആകാം. ഈ പൊരുത്തക്കേട് സാമാന്യ മനുഷ്യജീവിതത്തിന്റെ സമസ്ഥ മേഖലകളേയും സ്പർശിച്ചുനിൽക്കുന്ന കാഴ്ച ഭയാനകമാണ്. ഇത്തരം വിരോധാഭാസങ്ങൾ കഥയ്ക്കും കവിതയ്ക്കും വഴിവയ്ക്കുന്നു. എന്നത് പരാമർത്ഥമാണെങ്കിലും, അവിടെ ഒരു സംസ്കാരത്തിനു ചങ്ങല വീഴുകയാണെന്നത് വിസ്മരിച്ചുകൂടാ.

'ഭക്തി നടിക്കുക' എന്നത് സംശയിക്കാത്ത മനുഷ്യരുടെ കണ്ണിൽ 'പൊടിയിടാൻ' ഉതകുമെന്നല്ലാതെ കാമ്പുള്ളതോ, മാതൃകാപരമോ അല്ല. 'ഭക്തരായി' കാണപ്പെടുകയും നല്ലകാര്യങ്ങൾക്കു കനത്ത സംഭാവനകൾ നൽകുകയും ചെയ്ത് 'സമുദായരത്ന'ങ്ങളായി കഴിയുന്നവരുമുണ്ട്. ലോകരക്ഷകന്റെ ഭാക്ഷയിൽ, 'അവർക്കു പ്രതിഫലം കിട്ടിക്കഴിഞ്ഞു'. അന്യർ കണ്ടു കണ്ണഞ്ചി, അംഗീകാരം നല്കണമെന്നു മാത്രമേ അവർ ഉദ്ദേശിച്ചുള്ളൂ. അത് ലഭിക്കുകയും ചെയ്തു.അതിനപ്പുറത്തേക്ക് ഒന്നുമില്ല. അവർക്കു എല്ലാ ഹൃദയങ്ങളെയും, ചെയ്തികളെയും ശോധന ചെയ്യുന്ന ദൈവത്തിൽ നിന്ന് പ്രതിഫലവും അംഗീകാരവും ലഭിക്കുക എളുപ്പമല്ല. അധരങ്ങൾകൊണ്ട് ദൈവത്തെയും, മനുഷ്യരെയും ബഹുമാനിക്കുകയും, യഥാർത്ഥ ജീവിതവും പ്രവർത്തനങ്ങളും, ദൈവത്തിൽ നിന്നും, നന്മയിൽ നിന്നും അകന്നിരിക്കുകയും ചെയ്താലുണ്ടാവുന്ന അപകടത്തെപ്പറ്റി, യശയ്യാ പ്രവാചകൻ വഴി, യഹോവ മുന്നറിവ് നൽകിയിരിക്കുന്നു(29:13). മനഃപാഠമാക്കിയത് ഉരുവിടുന്നത് ഭക്തിയാണെന്നത് കേവലം തെറ്റിദ്ധാരണയാണ്. ഇത്തരത്തിലുള്ള മനഃപൂർവ്വമായ വഞ്ചന, മനുഷ്യരുടെ മുമ്പാകെ വിലപോയേക്കാമെങ്കിലും, ദൈവ ദൃഷ്ടിയിൽ അത് നിന്ദ്യമാണ്.

ഈ നാട്യത്തിന് യഹോവ വിധിക്കുന്ന ശിക്ഷ എന്തെന്നോ? അത്തരക്കാരുടെ ജ്ഞാനം നശിക്കും; ബുദ്ധിയും മറഞ്ഞുപോകും, ചിന്തകളുടെയും, പ്രവർത്തികളുടെയും മദ്ധ്യേയുള്ളത്, ചേർച്ചയില്ലായ്മയാണെന്ന ചിന്ത തന്നെ അവരിൽ നിന്ന് അസ്തമിച്ചേക്കാം.

ചില കൗശലക്കാർ തങ്ങളുടെ നാട്യവും സൂത്രവും ദൈവത്തിൽ നിന്നു മറച്ചുവെക്കുവാൻ ശ്രമിച്ചേക്കാം. അവരുടെ 'പ്രകടനം'

*(ശേഷം 4-ാം പേജിൽ)*

## വികാരിയുടെ കത്ത്

# Are Angels Among Us?

Fr.Paul George



In modern times, common depictions of angels include things like halos, feathery wings, blond hair, harps, white robes and chubby infants with tiny wings and shining eyes, but what that is available in scripture is enough to correct many common misconceptions. Looking at the Bible, angels exist. Only a few specific types of beings, such as Angels, Archangels, Cherubim and Seraphim, are given direct visual details. Here are the basics about angels from the Bible: *angels can instruct people (Genesis 16:9), help people (Daniel 6:22), deliver messages to people (Luke 1:35), appear in visions and dreams (Daniel 10:13), protect people (Exodus 23:20), help carry out God's plans and the scripture also indicates that angels can take on a mundane human form (Genesis 19:1–4).*

Throughout Scripture, we see numerous instances in which angels were an integral part of God's plan. One verse alludes to the possibility of angels walking among us today: ***"Do not forget to show hospitality to strangers, for by so doing some people have shown hospitality to angels without knowing it"*** **(Hebrews 13:2)**. The obvious reference is to Abraham, whose angelic visitors appeared to him as men (Genesis 18). There are dozens of scriptural examples of angelic encounters, so we know that God can and does use angels to accomplish certain things. What we don't know for sure is how often angels allow themselves to be seen by people.

We know that God created angels, and He uses angels in His plan. Angels have a sense of individuality, as some have names (such as Gabriel, Michael, Raphael and Uriel) and all have different responsibilities within the angelic hierarchy. But do they walk among us? If God so chooses to use them in His custom-made plans for us, yes, they absolutely can walk among us doing God's will. Angels are mentioned in Genesis and in Revelation and witnessed the creation of the world (Job 38:7). God has used His heavenly host from the beginning of time and will still use them at the end of time, according to Scripture. It is quite possible that many people today have met or seen an angel without realizing it.

If angels do walk among us, it is because they are serving a God-ordained purpose. The Bible mentions demons who wander the earth with no purpose other than to destroy (Matthew 12:43–45). Satan and his demonic force can probably appear physically, much like holy angels can. Satan's purpose is to deceive and kill. Satan ***"masquerades as an angel of light" (2 Corinthians 11:14)***. An important note: ***angels are not to be glorified or worshiped (Colossians 2:18)***. They are entities who carry out God's will, and they refer to themselves as **"fellow servants"** with us (Revelation 22:9). Regardless of whether we actually experience angelic encounters, the most important thing is that we experience salvation through Jesus Christ. He is beyond all angels and all humans, and He alone is worthy of worship. *"You alone are the LORD. You made the heavens, even the highest heavens, and their entire host, the earth and all that is on it, the seas and all that is in them. You give life to everything, and the multitudes of heaven worship you" (Nehemiah 9:6).*

The Bible speaks of angels as real, actual beings. However, Scripture's depiction of angels is very different from the popular concept of them. They serve God for specific reasons and do not seem to be wandering or random creatures. ■

## വി. കുർബ്ബാന സമയം

| | |
|---|---|
| എളംകുളം ചാപ്പൽ: | May. 13 - 10.00 am, May.20 - 07.00 am, May. 27 - 10.00 am, Jun.03 - 07.00 am. |
| സെമിത്തേരിമുക്ക് ചാപ്പൽ: | May. 13 - 07.30 am, May. 27 - 07.30 am |

**എല്ലാ ശനിയാഴ്ചയും വി. കുർബ്ബാന 6.45 am**

## ഇംഗ്ലീഷ് വി. കുർബ്ബാന

**എല്ലാ ഞായറാഴ്ചയും സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ വി. കുർബ്ബാന ഇംഗ്ലീഷിൽ, വൈകുന്നേരം 5.30 ന്**

## മാമോദീസ

വൈറ്റില കാച്ചപ്പിള്ളി റോഡ് വരയന്നൂർ ശ്രീ.റിനു ജോർജിന്റെയും ശ്രീമതി പി.വി വിബിതയുടെയും മകൾ **സാറാ (Rose Mary Renu)** 14-04-2018 ൽ മാമോദീസാ സ്വീകരിച്ചു.

അയ്യപ്പൻകാവ് പരപ്പുഴയിൽ ശ്രീമതി സനിതാ സണ്ണിയുടെയും ശ്രീ ജോർജ് ഏലിയാസ് തുരുത്തുമ്മേലിന്റെയും മകൾ **അന്ന (Hanah Miriam George)** 15-04-2018 ൽ മാമോദീസാ സ്വീകരിച്ചു.

*ഈ പൈതങ്ങൾക്ക് ദൈവകൃപ ആശംസിക്കുന്നു*





## വിശേഷ ദിവസങ്ങൾ

മെയ്

| | | |
|---|---|---|
| 10 | വ്യാഴം | **കർത്താവിന്റെ സ്വർഗ്ഗാരോഹണ പെരുന്നാൾ** (സുലോക്കോ) |
| 13 | ഞായർ | സൺഡേ സ്കൂൾ ദിനം പെന്തിക്കോസ്തിക്ക് മുമ്പുള്ള ഞായറാഴ്ച |
| 15 | ചൊവ്വ | കതിരുകൾക്കുവേണ്ടിയുള്ള വി.ദൈവ മാതാവിന്റെ പെരുന്നാൾ |
| 16 | ബുധൻ | യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ 28-ാം ഓർമ്മ (കൊരട്ടി സീയോൻ സെമിനാരി) |
| 20 | ഞായർ | **പെന്തിക്കോസ്തി ഞായറാഴ്ച** |
| 25 | വെള്ളി | സ്വർണ്ണ വെള്ളിയാഴ്ച |
| 26 | ശനി | പരി.ബസേലിയോസ് മാർത്തോമാ ദ്വീദിമോസ് പ്രഥമൻ കാതോലിക്കാ ബാവായുടെ 4-ാം ഓർമ്മ (പത്തനാപുരം മൗണ്ട് താബോർ ദയറാ) |
| 27 | ഞായർ | പെന്തിക്കോസ്തിയുടെ ഒന്നാം ഞായറാഴ്ച |

**ഭദ്രാസന സംയുക്ത പെരുന്നാൾ**
മെയ് 18,19 തീയതികളിൽ കൊരട്ടി സീയോൻ സെമിനാരിയിൽ

## അഭിനന്ദനം

### ക്രിസ്റ്റീന മറിയം ചാക്കോ



അഖില മലങ്കര മർത്തമറിയം സമാജത്തിന്റെ നവതിയോടനുബന്ധിച്ചു കോട്ടയം കഞ്ഞിക്കുഴി മർത്തമറിയം വനിതാസമാജം കേന്ദ്ര മന്ദിരത്തിൽ വെച്ച് ഏപ്രിൽ 18 മുതൽ 20 വരെ നടന്ന ത്രിദിന ക്യാമ്പിൽ നമ്മുടെ ഇടവകാംഗം കുമാരി ക്രിസ്റ്റീന മറിയം ചാക്കോ ബെസ്റ്റ് ക്യാംപറായി തെരഞ്ഞെടുക്കപ്പെട്ടു. ക്രിസ്റ്റീന, ശ്രീ.ചാക്കോ ഫിലിപ്പിന്റെയും, മറിയാമ്മ ചാക്കോയുടെയും മകളാണ്.

### Julie Hillel



Sir John Monash Medal for outstanding performance from Monash University, Australia was awarded to Ms. Julie Hillel for her achievement in Social Justice,Human Rights and Sustainable Enviornment Concepts. She is daughter of our members Mr. Rabi Hillel and Mrs. Sigy Susan George and grand daughter of Mr. K K George and Mrs.Mercy George.

## നിര്യാതനായി

വടുതല ജെട്ടി റോഡ് ചീരൻ വീട്ടിൽ **സി. വി. രാജു** (50) 27-4-2018 നിര്യാതനായി. ചിറ്റൂർ റോഡ് സെമിത്തേരിയിൽ അടക്കം ചെയ്തു.

*ആദരാഞ്ജലികൾ*

## വിവാഹം



വൈറ്റില ജനതാ റോഡ് തേരകത്തു അഡ്വക്കേറ്റ് ശ്രീ.ടി.കെ. കോശിയുടെയും ശ്രീമതി ബിനു കോശിയുടെയും മകൻ **രോഹൻ കോശി**യും, കടവന്ത്ര ചെലവന്നൂർ ഉഴിയാമ്മന്നത്തു ശ്രീ.ഓ.എം സേവ്യറിന്റേയും ശ്രീമതി തങ്കമ്മ സേവ്യറിന്റേയും മകൾ **അനു സേവ്യറും** തമ്മിലുള്ള വിവാഹം 08-04-2018 ൽ അഭിവന്ദ്യ ഡോ.മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ കാർമ്മികത്വത്തിൽ നടന്നു.



കടവന്ത്ര ചെലവന്നൂർ വെട്ടീൽ ശ്രീ.ഷെറി ലൂക്കോസിന്റെയും ശ്രീമതി ഗീത എസ്.ലൂക്കോസിന്റെയും മകൻ **രാഹുൽ ചെറിയാനും** കോട്ടയം പള്ളം കണ്ണാമ്പുറം ശ്രീ.തമ്പി ചാക്കോയുടെയും ശ്രീമതി ഷീല തമ്പിയുടെയും മകൾ **മെറീസും** തമ്മിലുള്ള വിവാഹം കത്തീഡ്രലിൽ നടന്നു.

എറണാകുളം D.H.റോഡ് ചെറുവത്തൂർ ശ്രീ.സി.എം നിഗത്തിന്റെയും ശ്രീമതി മിനി നിഗത്തിന്റെയും മകൻ **രോഹിത് നിഗവും** തൃശ്ശൂർ ഈസ്റ്റ് ഫോർട്ട് മേക്കാട്ടുകുളം ശ്രീ.എം.ഐ ജോർജിന്റെയും ശ്രീമതി സീനാ ജോർജിന്റെയും മകൾ **ആഷ്‌ലിൻ ജോർജും** തമ്മിലുള്ള വിവാഹം 29-04-2018 ൽ കത്തീഡ്രലിൽ നടന്നു.

*വധുവരന്മാർക്ക് മംഗളാശംസകൾ*

## ആദ്രത റിലീഫ് സെന്റർ



ജനറൽ ഹോസ്പിറ്റലിലെ കാൻസർ രോഗികൾക്ക് നടത്തുന്ന മരുന്ന് വിതരണം. ഹോസ്പിറ്റൽ സൂപ്രണ്ടിനും, ഡെപ്യൂട്ടി സൂപ്രണ്ടിനുമൊപ്പം കെ. കെ. ജോർജ്, ജി. തോമസ്, സാബു ചെറിയൻ എന്നിവർ.

## പ്രത്യേക പരിപാടികൾ - പ്രതിമാസ ധ്യാനം

പ്രതിമാസധ്യാനം മെയ് 11-ാം തീയതി വെള്ളിയാഴ്ച രാവിലെ 10 മണി മുതൽ കത്തീഡ്രലിൽ വെച്ചു നടത്തപ്പെടും.